"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവിവകുപ്പ്-വനം വകുപ്പിൽ പാർട്ട്-ടൈം സ്വീപ്പറായി ജോലി നോക്കി വരവേ മരണപ്പെട്ട ശ്രീ. സി.രാജന്റെ മകളായ ശ്രീമതി. എസ് രജിത യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനംവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്) വകുപ്പ്

G.O.(Ms)No.6/2020/F&WLD തീയതി,തിരുവനന്തപുരം, 29/04/2020

---

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 സ.ഉ.(കൈ) നം.5/2018/പി&എ.ആർ.ഡി തീയതി 24/02/2018.

3 ശ്രീമതി. എസ് രജിത. ചിറ്റയം. ഇഞ്ചവിള പി.ഒ. കൊല്ലം 26.06.2019 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 06.08.2019 ലെ ഇ6-4239/2019 നം. കത്തും, അനുബന്ധരേഖകളും.

5 കൊല്ലം ജില്ലാ കളക്ടറുടെ 06.01.2020 ലേയും,12.02.2020ലേയും DCKLM/9398/19-S4 നം. കത്തും, അനുബന്ധ രേഖകളും.

<u>ഉത്തരവ്</u>

വനം വകുപ്പിൽ പാർട്ട്-ടൈം സ്വീപ്പറായി ജോലി നോക്കി വരവേ 19.01.2019 ൽ മരണപ്പെട്ട ശ്രീ. സി. രാജന്റെ മകളായ ശ്രീമതി. എസ് രജിതയ്ക്ക് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷയ്ക്ക് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. അപേക്ഷക ബിരുദധാരിണിയാണ്. അപേക്ഷകയ്ക്ക് 37 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 29.05.1983 ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 72000/- രൂപയാണെന്ന് പനയം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ പാർട്ട്-ടൈം സ്വീപ്പറായി ജോലി നോക്കി വരവേ 19.01.2019 ൽ മരണപ്പെട്ട ശ്രീ. സി രാജന്റെ മകളായ ശ്രീമതി. എസ് രജിതയ്ക്ക് കൊല്ലം ജില്ലയിൽ വനം വകുപ്പിൽ 19,000-43,600രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും കൊല്ലം ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3) അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാൾക്ക് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്.

4) ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ് മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
JOINT SECRETARY

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം
ശ്രീമതി. എസ് രജിത, പള്ളിക്കവിള, ചിറ്റയം, ഇഞ്ചവിള പി.ഒ,കൊല്ലം, 691601. (രജിസ്റ്റേഡ് തപാൽ മടക്ക രസീത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.04.30 11:17:25 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്- വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.